5183
6/6/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് പ്രോജക്ട്, ഈരാറ്റുപേട്ട - അംഗൻവാടി വർക്കറായിരിക്കെ മരണമടഞ്ഞ ശ്രീമതി. സുധാമണി ടി. ആർ ന്റെ സഹോദരി ശ്രീമതി. ശുഭാമണി ടി. ആർ – ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അംഗൻവാടി വർക്കറായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി(ബി) വകുപ്പ്

സ.ഉ(സാധാ) നം . 391/2014/സാനീവ തീയതി, തിരുവനന്തപുരം, 2.6.2014

---

പരാമർശം : 1) 19.06.1996-ലെ സ.ഉ (സാധാ) നം. 119/1996/സാക്ഷേവ.
2) 24/10/2005-ലെ സ.ഉ (സാധാ) നം. 546/2005/സാക്ഷേവ.
3) സാമൂഹ്യനീതി ഡയറക്ടറുടെ 26.11.2012 ലെ ഐ.സി.ഡി.എസ്/എ3-33833/12 നമ്പർ കത്ത്
4) സാമൂഹ്യനീതി ഡയറക്ടറുടെ 30.05.2014 ലെ ഐ.സി.ഡി.എസ്/ ബി6-33833/14 നമ്പർ കത്ത്

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന സംയോജിത ശിശുവികസന സേവന പദ്ധതിയിൻ കീഴിലെ അംഗൻവാടികളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി ജീവനക്കാർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ആശ്രിതനിയമനം ലഭിക്കുന്നതിനായി ജീവനക്കാരി മരണമടഞ്ഞ് രണ്ടു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ച് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ഐ.സി.ഡി.എസ് പ്രോജക്ടിൻ കീഴിലുള്ള അംഗൻവാടി നമ്പർ 76 ൽ സ്ഥിരം വർക്കറായിരിക്കെ 11.1.2005 ൽ മരണമടഞ്ഞ ശ്രീമതി. സുധാമണി ടി. ആർ ന്റെ സഹോദരി ശ്രീമതി. ശുഭാമണി. ടി. ആർ – ന് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ 4 വർഷത്തിലധികം കാലതാമസമുണ്ടായെന്നും, അറിവില്ലായ്മ മൂലമാണ് കാലതാമസം ഉണ്ടായതെന്നും ആയതിനാൽ പ്രസ്തുത കാലതാമസം മാപ്പാക്കി ടിയാൾക്ക് അംഗൻവാടി വർക്കറായി ആശ്രിതനിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2), (3) പ്രകാരം അപേക്ഷയും, അനുബന്ധ രേഖകളും സാമൂഹ്യനീതി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കതിന്റെ അടിസ്ഥാനത്തിൽ ഈരാറ്റുപേട്ട ഐ.സി.ഡി.എസ് പ്രൊജക്ടിൻ കീഴിലുള്ള അംഗൻവാടി നമ്പർ 76-ൽ സ്ഥിരം വർക്കറായിരിക്കെ മരണമടഞ്ഞ ശ്രീമതി. സുധാമണി ടി. ആർ ന്റെ സഹോദരി ശ്രീമതി. ശുഭാമണി. ടി. ആർ – ന് അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കിയും പരാമർശം (2)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥ ഇളവ് ചെയ്തും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അംഗൻവാടി വർക്കറായി നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**മിനി.എം**
**അണ്ടർ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. ശുഭാമണി. ടി. ആർ, തടിക്കൽപറമ്പിൽ, അരുവിത്തുറ.പി.ഒ, കൊണ്ടൂർ.
(രജിസ്റ്റേർഡ് തപാലിൽ)

ജില്ലാ സാമൂഹ്യനീതി **ഓഫീസർ,** കോട്ടയം
ശിശുവികസന പദ്ധതി ഓഫീസർ, ഈരാറ്റുപേട്ട ഐസിഡിഎസ് പ്രോജക്ട്, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ